പ്രസിദ്ധീകൃതമായ പതിനാലു ചെറുകഥകളുടെ കർത്താവാണ് ജോസഫ് നമ്പിമഠം. 'പാക്കരൻ' എന്ന കഥ 1989ലെ ഡാളസ് കേരള അസോസിയേഷൻ സാഹിത്യമത്സരത്തിലും 'പണ്ടാരത്തി' എന്ന കഥ 1992ലെ FOKANA ചെറുകഥാ മത്സരത്തിലും ഒന്നാംസ്ഥാനം നേടുകയുണ്ടായി. ദീപികയിലും, കേരളഭൂഷണത്തിലും, കൈരളിയിലും രജനിയിലും ഫൊക്കാനാ സുവനീറിലും കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡാളസിൽ പ്രവർത്തിക്കുന്ന കേരള ലിറ്ററി സൊസൈറ്റിയുടെ സെക്രട്ടറിയുമാണ്.

'നിറം പിടിപ്പിച്ച ലോകം' ഉടുപ്പുകളുടെ ഘോഷയാത്ര, കുടിയേറ്റം മുതൽ മടക്കയാത്രവരെ എന്നീ സമാഹാരങ്ങളിലൂടെ തികഞ്ഞ ചെറുകഥാകൃത്താണെന്ന് ജോൺ മാത്യു തെളിയിക്കുന്നു. നിറം പിടിപ്പിച്ച ലോകത്തിനു മലയാളംപത്രത്തിന്റെ സാഹിത്യ അവാർഡു ലഭിച്ചിട്ടുണ്ട്. ഹൂസ്റ്റൺ റൈറ്റേഴ്സ് ഫോറം പ്രസിഡന്റു കൂടിയായ ജോൺമാത്യു നല്ല ലേഖനരചയിതാവും കൂടിയാണ്.

മനോഹർ തോമസ് (ന്യൂയോർക്ക്) ചാക്കോ ശങ്കരത്തിൽ (ഫിലാഡെൽഫിയ) ജോസഫ് മണ്ഡപം, അനിൽകുമാർ ആറൻമുള, സുഗുണൻ ഞെക്കാട്, ബാബു കുരവയ്ക്കൽ, ജോൺ തൊമ്മൻ (ഹൂസ്റ്റൺ) ജെയിംസ് മാത്യു, രാജൻചിറ്റാർ, റോസമ്മ രാമപുരം, മനുമാത്യു, നാരായണൻകുട്ടി, എബ്രഹാം തോമസ് (ഡാളസ്) നീനാ പനയ്ക്കൽ, ഇസഡ്.എം. മൂഴൂർ, ജോർജ്ജു കുര്യൻ ന്യൂജേഴ്സി തുടങ്ങി ധാരാളം ചെറുകഥാകൃത്തുക്കൾ അമേരിക്കയിലെ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ കഥകൾ എഴുതുന്നവരാണ്.

## കവിത

ഒരു ചുവരെഴുത്ത് ഓർമ്മ വരുന്നു: "ദൈവം മരിച്ചു–നീഷേ." ഏതോ ഒരു രസികൻ അതിനൊരടിക്കുറിപ്പെഴുതി. "നീഷേ മരിച്ചു–ദൈവം." ഇതുപോലെ കവിത മരിച്ചു എന്ന് കേൾക്കാൻ തുടങ്ങിയിട്ട് വളരെക്കാലമായി. ഇതിനും ഒരടിക്കുറിപ്പെഴുതേണ്ടിയിരിക്കുന്നു. കവിത മരിച്ചു എന്ന് പറഞ്ഞവർ മരിച്ചു. കവിത ഇന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നു. പ്രകൃതിയിലെ ശബ്ദങ്ങളിൽ നിന്ന് താളബോധമുൾക്കൊണ്ട മനുഷ്യൻ ഈ താളക്രമം ഭാഷയിലേക്ക് സംക്രമിപ്പിച്ചപ്പോൾ കവിത ജനിച്ചു. മനുഷ്യനും, താളവും ഭാഷയുമുള്ള കാലം കവിതയും ഉണ്ടായിക്കൊണ്ടിരിക്കും. വികാരത്തിന്റെയും സൗന്ദര്യബോധത്തിന്റെയും ഉദാത്തമായ ആവിഷ്കരണമാണ് കവിത. നാടൻപാട്ടുകളിലാരംഭിച്ച് ഗാനങ്ങളിൽക്കൂടി വളർന്ന് വിവിധ വികാസപരിണാമങ്ങളിലൂടെ കടന്നുപോകുന്ന കവിതാപ്രസ്ഥാനം ഒരിക്കലും ഒരു ചട്ടക്കൂട്ടിലും ഒതുങ്ങിനിന്നിട്ടില്ല.

വെൺമണി പ്രസ്ഥാനം, കേരളവർമ്മ പ്രസ്ഥാനം, രാജരാജവർമ്മ